മലിനമായ പൈപ്പ് വെള്ളം

* 201. [221] ശ്രീ. പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, തോമസ് കല്ലമ്പള്ളി :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപ്രദേശത്ത് വിതരണം ചെയ്യുന്ന പൈപ്പ് വെള്ളം മലിനമാണെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ജലം മലിനമാകാനുള്ള കാരണമെന്ത് ;

(സി) ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) തീരപ്രദേശത്തെ ചുരുക്കം ചില പദ്ധതികളിൽ നിന്നും വിതരണം ചെയ്യുന്ന ജലത്തെപ്പറ്റിയുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) പരാതിക്ക് വിധേയമായ ജലത്തിന്റെ 'സാമ്പിളുകൾ' വിദഗ്ദ്ധ പരിശോധനയിൽ, തൃപ്തികരമായ ഗുണനിലവാരമുള്ളതായാണ് കണ്ടത്.

സ്ക്കൂൾ വിദ്യാഭ്യാസം ഏകീകൃതമാക്കണമെന്ന കേന്ദ്ര നിർദ്ദേശം

* 202. [222] ശ്രീ. കെ. പി. രാമൻ :
,, പി. വി. മുഹമ്മദ് :
,, പി. എം. അബൂബക്കർ :
,, സി. ടി. അഹമ്മദ് അലി :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ക്കൂൾ വിദ്യാഭ്യാസം ഏകീകൃതമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും കേന്ദ്ര നിർദ്ദേശം സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെയെണ് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഈ നിർദ്ദേശങ്ങൾ അടങ്ങിയ രേഖകളാണ് ദേശീയ വിദ്യാഭ്യാസ നയം-1986 പ്രൈമറി സെക്കണ്ടറി പാഠ്യപദ്ധതിയിലുൾപ്പെട്ടത് 1985 വിദ്യാഭ്യാസ കാര്യപരിപാടി-1986 എന്നിവ. ഇവയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. സ്ക്കൂൾ വിദ്യാഭ്യാസ ഘടന, പ്രൈമറി-5 വർഷം, അപ്പർ പ്രൈമറി 3 വർഷം, സെക്കൻറി 2 വർഷം.
2. ദേശീയ പാഠ്യ പദ്ധതിയിൽ അടിസ്ഥാന പാഠ്യ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.
3. പ്രൈമറി തലം മുതൽ തൊഴിലതിഷ്ഠിത വിദ്യാഭ്യാസം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly